**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന - 2014-15 സാമ്പത്തിക വർഷം മുതൽ അധിക വിഹിതം ത്രിതല പഞ്ചായത്തുകൾ വകയിരുത്തണമെന്ന് നിഷ്ക്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ.)നം.31/14/തസ്വഭവ തിരുവനന്തപുരം, തീയതി, 04.02.2014

===

പരാമർശം:- 1. സ.ഉ.(സാധാ)നം.2627/12/തസ്വഭവ തീയതി 18.09.2012.
2. സ.ഉ(കൈ)നം.257/13/തസ്വഭവ തീയതി 19.07.2013.

<u>ഉത്തരവ്</u>.

ഇന്ദിര ആവാസ് യോജന പ്രകാരം പട്ടികജാതി/പൊതുവിഭാഗങ്ങൾക്ക് നൽകിവരുന്ന ധനസഹായം 2,00,000/- രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റായ 48,500/- രൂപയ്ക്ക് പുറമേ, അധിക ബാധ്യതയായി വരുന്ന തുകയിൽ ഒരു വീടിന് 75,000/- രൂപ വീതം 2012-13 സാമ്പത്തിക വർഷത്തിൽ സർക്കാർ വിഹിതമായി നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവാകുകയുണ്ടായി.

എന്നാൽ ഇന്ദിരാ ആവാസ് യോജന മുഖേന നിർമ്മിക്കുന്ന വീടുകൾക്കുള്ള യൂണിറ്റ് കോസ്റ്റ് കേന്ദ്രസർക്കാർ 48,500/- രൂപയിൽ നിന്നും 70,000/- രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അധിക ധനസഹായമായി സംസ്ഥാന സർക്കാർ നൽകുന്ന 75,000/- രൂപയ്ക്ക് പകരം 2013-14 ൽ ഒരു വീടിന് 50,000/- രൂപ നിരക്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിന് പരാമർശം(2) പ്രകാരം ഉത്തരവായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും 2014-15 സാമ്പത്തിക വർഷം മുതൽ അതത് പഞ്ചായത്തുകളിലെ വാർഷിക പദ്ധതിയിൽ തന്നെ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് അധിക വിഹിതമായി നൽകേണ്ട തുക ത്രിതല പഞ്ചായത്തുകൾ അനിവാര്യ ചുമതല എന്ന നിലയിൽ നിർബന്ധമായും

വകയിരുത്തണമെന്നും 2011-12 മുതൽ 2013-14 വരെയുള്ള കാലയളവിൽ ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ കുറവ് വന്ന തുകയും 2014-15 പ്ലാൻ വിഹിതത്തിൽ നിന്നും അനിവാര്യമായി കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ